# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എഎംപിഎം24/659/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എഎംപിഎം24/659/2022 തീയ്യതി: 30/05/2022

## മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-03-2020 മുതൽ 09-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-02-2022 | 09-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾ ഗഫൂർ.സി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.യൂസഫ്.പി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൊയ്തീൻ ഫാസിൽ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .സ്മിത ജയരാജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിൻ കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സമീറ എളയേടത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിന്ധു.ടി.പി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.പി,പി വിജയൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി രാജി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01-06-2020 | 15-06-2020 |
| ശ്രീമതി സവിത ചന്ദ്രൻ എൽ | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 27-06-2020 |
| ശ്രീ റാഫി ഇ ടി | അസിസ്റ്റന്റ് സെക്രട്ടറി | 28-06-2020 | 17-02-2021 |
| ശ്രീമതി സവിത ചന്ദ്രൻ എൽ | അസിസ്റ്റന്റ് സെക്രട്ടറി | 18-02-2021 | 31-03-2021 |
| ശ്രീമതി .ജീന ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 18-10-2020 |
| ശ്രീമതി അരുണിമ എം.എൻ | കൃഷി ഓഫീസർ | 19-10-2020 | 03-03-2021 |
| ശ്രീമതി മഞ്ജു പി എസ് | കൃഷി ഓഫീസർ | 04-03-2021 | 31-03-2021 |
| ഡോ.അഷ്റഫ് അബ്ദുൾ റഹിമാൻ | വെറ്ററിനറി സർജൻ | 01-04-2020 | 09-09-2020 |
| ഡോ.നഹീൽ | വെറ്ററിനറി സർജൻ | 10-09-2020 | 31-03-2021 |
| ശ്രീമതി.പ്രമീള | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ശിദി.എൻ.പി | അസിസ്ററന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സൈഫുന്നീസ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഷൻഫിയത്ത് സി വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.അനൂപ് ബി.എ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി വർഗീസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 1-10 |
| 11 | വാർഷിക കണക്ക് - അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 11-03-2022) | 1-11-1 |
| 13 | റസീപ്റ്റ് ബുക്കിലെ കളക്ഷൻ അടവാക്കിയിട്ടില്ല- കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-12 |
| 14 | പ്രൊഫഷൻ ടാക്സ് കളക്ഷൻ: അപാകത<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-13 |
| 15 | എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ-പൂർത്തീകരണവിരം ലഭ്യമാക്കേണ്ടതാണ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-14 |
| 16 | പ്രൊഫഷൻ ടാക്സ്-കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല.<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-15 |

| | | |
|---|---|---|
| 17 | മോട്ടോർ ഫീസ് അടവാക്കിയില്ല<br>Written By: Moideen Fazil .K (Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 25-05-2022) | 1-16 |
| 18 | പൊതു കിണർ നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 42,099 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-17 |
| 19 | റോഡുകളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 33519 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-18 |
| 20 | വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം-കരാറുകാരന് അധികം നൽകിയത് 16296 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-19 |
| 21 | ശ്മശാനം നവീകരണം-അളവ് പുസ്തകപ്രകാരമുള്ള അളവ് ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 3690 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-20 |
| 22 | കമലേട്ടത്തി സ്മാരക റോഡ് കോൺക്രീറ്റിംഗ് -അപാകത -അധികം നൽകിയത് 2946 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 10-05-2022) | 1-21 |
| 23 | റാന്റം റബിൾ മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 1395 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 25-05-2022) | 1-22 |
| 24 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി-കരാറുകാരന് അധികം നൽകിയ തുക 2818 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-23 |
| 25 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-24 |
| 26 | ജലജീവൻ പദ്ധതി -തുക നൽകിയത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-25 |
| 27 | വെള്ളക്കരം അടവാക്കൽ സംയുക്ത പരിശോധന നടത്തേണ്ടത് സംബന്ധിച്ച്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-26 |
| 28 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: Moideen Fazil .K (Auditor, On 14-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊതു കിണർ നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 42,099 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 3-1 |
| 2 | റോഡുകളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ -കരാറുകാരന് അധികം | 3-2 |

| | | |
|---|---|---|
| | അനുവദിച്ചത് 33519 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | |
| 3 | വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം-കരാറുകാരന് അധികം നൽകിയത് 16296 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 25-05-2022) | 3-3 |
| 4 | ശ്മശാനം നവീകരണം-അളവ് പുസ്തകപ്രകാരമുള്ള അളവ് ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 3690 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Rishil.P (Audit Officer, On 10-03-2022) | 3-4 |
| 5 | കമലേട്ടത്തി സ്മാരക റോഡ് കോൺക്രീറ്റിംഗ് -അപാകത -അധികം നൽകിയത് 2946 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 3-5 |
| 6 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി-കരാറുകാരന് അധികം നൽകിയ തുക 2818 രൂപ<br>Written By: Rishil.P (Audit Officer, On 10-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 07-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 25-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 08-03-2022)<br>Last Updated By: Unni.P (Deputy Director, On 11-05-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 20.3.2020ലെ തീരുമാനം നമ്പർ 1(1) | 17.2.21 ലെ തീരുമാനം 2(1) |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2020-21 | 31-07-2020 | 30-6-2020 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 16788883 |
| വരവ് | 84992213 |
| ആകെ | 101781096 |
| ചെലവ് | 85914536 |
| നീക്കിയിരിപ്പ് | 15866560 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13047580 | 13047580 | 13047360 | 220 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3237118 | 3237118 | 3237118 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10472000 | 10472000 | 10472000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4710867 | 4710867 | 4710867 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 6380000 | 6380000 | 5764328 | 615672 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 10699386 | 10699386 | 10338888 | 360498 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 188 | 122223956 | 133 | 70938129 | 39 | 16 | 70.74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 508626 | 1151775 | 1660401 | 1642682 | 17719 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20086751 | 20086751 | 20086751 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24360 | 31 |
| കർഷകതൊഴിലാളി വേതനം | 6798800 | 393 |
| വിധവാപെൻഷൻ | 20556600 | 1407 |
| വാർദ്ധക്യകാലപെൻഷൻ | 43132200 | 3273 |
| വികലാംഗപെൻഷൻ | 7067100 | 503 |
| വിവാഹ ധനസഹായം | 360000 | 11 |
| 50 വയസ്സിനു മുകളിൽ.....സഹായം | 876500 | 60 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022 ന് 10.30 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 61552/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തികൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. 2020-21 വർഷത്തിൽ ശ്മശാനം നവീകരണം, സ്റ്റേഡിയം കോംപ്ലക്സ് നവീകരണം എന്നീ പ്രവൃത്തികൾക്ക് വേണ്ടി ഫണ്ട് ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവർത്തികൾ നേരിൽ സന്ദർശിച്ചതിൽ നിന്നും ആസ്തികൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു.

2. വിവിധ ഓഡിറ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ, ഫയൽ പരിപാലിക്കുന്നില്ല.

3. ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായതും പ്രവർത്തന രഹിതമായതും കണ്ടെത്തി ഈയിനത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
4. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2021 മുതൽ 20.11.2021 വരെ | 08/2021 മുതൽ 09/2021 വരെ | 14.12.2021 |
| എ.ജി. ഓഡിറ്റ് | 18.03.2011 | 2005-06 മുതൽ 2009-10 വരെ | 07.05.2011 |

## 1-11 വാർഷിക കണക്ക് - അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. General Ledger Trial Balance-ൽ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകൾക്ക് ഒരേ ഇനത്തിൽ Credit, Debit സൈഡിൽ ക്ലോസിംഗ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

3. സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി-[ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക] വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 5593812 | (4978209+43225-book Adjustment) =5021434 | 589020 |
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | 5841197 | 5076184 | 819763 |

വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റിൽ നിന്ന് കളക്ഷൻ കിഴിച്ച തുകയും B-15 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല.

4. B-5 ഷെഡ്യൂൾ പ്രകാരം 22,253,026 രൂപ ലോൺ ബാധ്യതയുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5.ട്രേഡേഴ്സ് തൊഴിൽ നികുതി മുൻവർഷ കുടിശ്ശിക B15 ഷെഡ്യൂൾ പ്രകാരവും രജിസ്റ്റർ പ്രകാരവും 6420രൂപയാണ്. എന്നാൽ തൻവർഷ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് പ്രകാരം അരിയർ ഡിമാന്റ് 13400 രൂപയാണ്.

6. വി.പി.എഫ്.എ1-2 (ട്രഷറി തനത് ഫണ്ട്) അക്കൗണ്ടിൽ ലഭ്യമാക്കിയ ബാങ്ക് ബുക്ക് പ്രകാരം 2011 വർഷം മുതൽ 3,26,446 രൂപ നീക്കിയിരിപ്പുണ്ട്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ഓപ്പറേറ്റ് ചെയ്യാനാവാത്ത പ്രസ്തുത അക്കൗണ്ട് ധനകാര്യ പത്രികയിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

7. 2019-20 വാർഷിക കണക്ക് അപാകതകൾ പരിഹരിക്കാൻ ശേഷിക്കുന്നു.

## 1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ

1.വികസന ഫണ്ട് (ജനറൽ),വികസന ഫണ്ട് (SCP) എന്നിവയിലെ ചെലവ് വാർഷിക കണക്ക്/എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| | വാർഷിക കണക്ക്/ എ.സി.ആർ. | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 13047360 | 16019282 |
| വികസന ഫണ്ട്(SCP) | 3237118 | 3281000 |

## 1-12 റസീപ്റ്റ് ബുക്കിലെ കളക്ഷൻ അടവാക്കിയിട്ടില്ല- കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

1.ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ രസീതി ബുക്കുകൾ പരിശോധിച്ചപ്പോൾ ചില തുകകൾ അടവാക്കിയിട്ടില്ല.മറ്റ് ചില തുകകൾ അടവാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | രസീതി നം. | അടവാക്കേണ്ട തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 5323/84 | 67 | - | 67 |
| 2 | 5321/58 | 348 | 338 | 10 |
| 3 | 5312/59 | 24 | - | 24 |
| | ആകെ തുക | 439 | 338 | 101 |

2. എൽ.ഡി.സി ശ്രീമതി ആർ.നീതുവിന് നൽകിയ 65248,65230,50864,65234,50867,50865,65228,50865 നമ്പർ രസീതി ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ ഹാജറാക്കിയിട്ടില്ല.ആയതിനാൽ ഇവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതക്ക് കാരണമാരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21-07/03/2022ന് മറുപടി ലഭിച്ചിട്ടില്ല. അപാകത

പരിഹരിക്കേണ്ടതാണ്.

## 1-13 പ്രൊഫഷൻ ടാക്സ് കളക്ഷൻ: അപാകത

ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ ട്രേഡേഴ്സ് പ്രൊഫഷൻ ടാക്സ് ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് | ഫയൽ നമ്പർ |
|---|---|---|---|
| 1 | അപ്പുക്കുട്ടൻ.എം | ഫർണിച്ചർ ഷോപ്പ് | എ4 583-04/02020 |
| 2 | കെ.കെ.ഉണ്ണി | റൈസ് മിൽ | 1302-12/03/20 |
| 3 | സുഹറ.എൻ.കെ | റൈസ് മിൽ | എ4-1316/12/03/20 |
| 4 | സിദ്ധീക്ക് | റൈസ് മിൽ | എ4-1697-22/05/20 |
| 5 | ഷറഫുദ്ധീൻ | ടയർ വിൽപന | എ4-1511-20/03/20 |
| 6 | സുബൈർ.ടി | ടൈൽസ് വിൽപന | എ4-1510-20/03/20 |
| 7 | ലൈസ്ബിൻമുഹമ്മദ് | ആയുർവേദ ഫാർമസി | എ4-2119-16/06/20 |
| 8 | സി.കെ ലാസർ | ലാബ് | എ4-1329-13/03/20 |
| 9 | ഉമ്മർ | ഫാമിലി ഫാർമ ക്ളിനിക് | എ4-480-18/01/21 |
| 10 | മുഹമ്മദ് റഫ്സൽ | ഫിസിയോതെറാപ്പി | എ4-720-27/01/21 |
| 11 | മുഹമ്മദ് ജിബിൻ | ഫാമിലി ലബോറട്ടറി | എ4-775-27/01/21 |

കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19-07/03/2022ന് മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ-പൂർത്തീകരണവിരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ മാറാഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2സ്കൂളുകളിൽ എയ്റോബിക് മാലിന്യ സംസ്കരമ യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് (പ്രൊജക്ട് 199/21)450000 രൂപ അടങ്കൽ കണക്കാക്കി നടത്തിപ്പിനായി IRTC യെ ഏൽപ്പിക്കുകയും താഴെപ്പറയും പ്രകാരം തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും IRTC ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

BRN No.17150452001001370236/20.3.2018 -50207

BRN No. 1915452001000810565/12.11.2019 -174260

BRN No. 20150452001001270836/17.3.21- 225000

---------------------------------------

449467

എന്നാൽ എ.യു.പി സ്കൂൾ പനമ്പാട് യൂണിറ്റിന്റെ പണി പൂർത്തീകരിച്ചതായും, പി.എൻ.യു.പി സ്കൂളിൽ സ്ഥലപരിമിതിമൂലം പദ്ധതി ഉപേക്ഷിക്കുകയാണെന്നും ബന്ധപ്പെട്ട ഹെഡ്മിസ്ട്രസ്സ്മാർ അറിയിച്ചിട്ടുണ്ട്.തുടർന്ന് പി.എച്ച്.സി യിൽ സ്ഥാപിക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.പി.എച്ച്.സി യിൽ സ്ഥാപിക്കുന്ന യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിവരം ,വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും പ്രവൃത്തി അനതിമഘട്ടത്തിലാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.പ്രവത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 പ്രൊഫഷൻ ടാക്സ്-കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് 203 എഫ് പ്രകാരം ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുൻപ് നികുതി ഈടാക്കി പട്ടിക സർട്ടിഫിക്കറ്റ് സഹിതം ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതാണ്. എന്നാൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2019-2020 വർഷത്തെ ടൈഡേഴ്സ് പ്രൊഫഷൺ ടാക്സ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങൾ വളരെ വൈകി പ്രൊഫഷൺ ടാക്സ് അടവാക്കിയിട്ടും അവരിൽ നിന്നും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമ | ഫയൽ നമ്പർ | തൊഴിൽ നികുതി അടവാക്കിയ തിയതി | കാലതാമസം |
|---|---|---|---|---|
| 1 | കൃഷ്ണൻ | എ4-3545-06/11/20 | 06/11/20 | 8 മാസം |
| 2 | മുഹമ്മദ് നസ്ബീൽ | എ4-4631-09/11/20 | 09/11/20 | 8 മാസം |
| 3 | ഷിഹാബുദ്ധീൻ | എ4-4490-09/11/20 | 09/11/20 | 8 മാസം |
| 4 | ഉമ്മർ.പി.പി | എ4-4654-10/11/20 | 10/11/20 | 8 മാസം |
| 5 | മുഹമ്മദ് മായിൻ | എ4-4595-12/11/20 | 12/11/20 | 8 മാസം |
| 6 | ഉമേഷ് വി.ടി | എ4-4760-17/11/20 | 17/11/20 | 8 മാസം |
| 7 | അബൂബക്കർ | എ4-4918-27/11/20 | 27/11/20 | 8 മാസം |
| 8 | ഷാജുമോൻ | എ4-2300-27/02/21 | 27/02/21 | 11 മാസം |
| 9 | മുകുന്ദൻ | എ4-01/06/20 | 01/06/20 | 3 മാസം |
| 10 | ഷിഹാബുദ്ധീൻ | എ4-1900-03/06/20 | 03/06/20 | 3 മാസം |
| 11 | അബ്ദുൽ റസാക്ക് | എ4-1763-27/05/20 | 27/05/20 | 3 മാസം |

മേൽ അപാകതക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എന്ക്വയറി നമ്പർ 22-07/03/2022ന് മറുപടി ലഭിച്ചിട്ടില്ല മേൽ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 മോട്ടോർ ഫീസ് അടവാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ ലൈസൻസ് ഫീ ഡിമാന്റ്/കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത സ്ഥാപനങ്ങൾ മോട്ടോർ ഫീസ് അടവാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപന ഉടമ | സ്ഥാപനം | മോട്ടോർ പവർ (കുതിര ശക്തിയിൽ) | ഫയൽ നമ്പർ | അടവാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ശ്രീ അപ്പുക്കുട്ടൻ.എം | എ.എം.ഫർണിച്ചർ | 5 | എ4-583-04/02/20 | 50/- |
| 2 | ശ്രീ ബജീഷ് | വെൽഡിംഗ് വർക്ഷോപ്പ് | 5 | എ4-638-07/02/20 | 50/- |
| 3 | ശ്രീ മാധവൻ.എം.കെ | റൈസ്മിൽ | 10 | എ4-654 | 100 |
| 4 | ശ്രീ സെമീർ.എം | വെൽഡിംഗ് | 4 | എ4-671-11/02/20 | 50/- |
| 5 | ശ്രീ നാസർ | വെൽഡിംഗ് | 3 | എ-4-993-27/02/20 | 50/- |
| 6 | ശ്രീ വിനേശൻ | എസ്.വി.മോട്ടോർ ഗാരേജ് | 1.5 | എ4-1139-03/03/20 | 50/- |
| 7 | ശ്രീ കെ.കെ.ഉണ്ണി | റൈസ് മിൽ | 10 | എ4-1302-12/03/20 | 100/- |
| 8 | ശ്രീമതി സുഹറ.എൻ.കെ | റൈസ് മിൽ | 10 | എ4-1316-12/03/20 | 100/- |
| 9 | ശ്രീ കമറുദ്ധീൻ | റൈസ് മിൽ | 15 | എ4-542-05/02/20 | 200/- |
| 10 | ശ്രീ തവീഷ്.കെ.പി | വെൽഡിംഗ് | 3 | എ4-823-19/02/20 | 50/- |
| 11 | ശ്രീ അബ്ബാസ് | റൈസ്മിൽ | 15 | എ4-1930-05/06/20 | 200/- |
| 12 | ശ്രീ എൻ.രാജൻ | ടയർ റീസോളിംഗ് | 5 | എ4-1451-19/03/20 | 50/- |
| 13 | ശ്രീ ഷാജി.ടി.കെ | വെൽഡിഗ് | 4 | എ4-1725-25/05/20 | 50/- |
| 14 | ശ്രീ രഞ്ജിത്ത് | ടയർ വർക് | 5 | എ4-1751-27/05/20 | 50/- |
| 15 | ഡോ.ലൈസ് ബിൻമുഹമ്മദ് | ആയുർവേദ മരുന്ന് | 40 | എ4-2119-16/06/20 | 400/- |
| 16 | ശ്രീ ഷനോജ് | ഇൻഡസ്ട്രിയൽ വർക്ഷോപ്പ് | 5 | എ4-1481-24/02/21 | 50/- |
| | ആകെ | | | | 1600 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 18, 19 പട്ടിക iii പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20/07.03.22 ന് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 പൊതു കിണർ നവീകരണം -കരാറുകാരന് അധികം അനുവദിച്ചത് 42,099 രൂപ

പ്രൊജക്ട് നം : SO217/21

അടങ്കൽ : 2,00,000

ഫണ്ട് : CFC ഗ്രാന്റ് & Own Fund

ചെലവ് : 2,00,000

ബിൽ നമ്പർ - 60/31.3.21 - 136667

വൗച്ചർ - 22001437/31.3.21- 63333

കരാർ നം : AE/LSGD/MRNY/54/20-21 തീയ്യതി.25.2.21 (Estimate Rate)

എംബുക്ക് നം: 180/20-21

DSOR : 2016 Coi.31.06%

കരാറുകാരൻ : ബാബുരാജ് .E

TS No-95039/20-21

Est.No-2021/7057
നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ പൊതു കിണറുകളുടെ നവീകരണം എന്ന പദ്ധതിയുടെ ഭാഗമായി പൊതു കിണറുകളിൽ സ്റ്റീൽ നെറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 5 പ്രകാരം കിണറുകളിൽ നെറ്റ് സ്ഥാപിച്ചതിന് DAR Code 9.48.2 ഇനം പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് .

1082 Kg X 147.38/kg = 159465.16

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും (Wooden Frame) മറ്റുമാണ് DAR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ഓപ്പൺ കിണറിൽ സ്റ്റീൽ ഉപയോഗിച്ച് നെറ്റ് ഇടുക എന്ന പ്രവൃത്തിയാണ് ഇതിന് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . Grating, Frames, Guard Bar, Railing, Gate എന്നീ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ഈ പ്രവൃത്തിയിൽ ഓപ്പൺ കൗണ്ടറിൽ ഫ്രെയിം വർക്കാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഇനം 5 ന് അനുവദിക്കാവുന്ന നിരക്ക് DAR Code 10.25.2 പ്രകാരമുള്ള 112.64/kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

1082 Kg X 112.64/kg = 121876.48

കരാറുകാരന് അധികം അനുവദിച്ചത് = 42,099 രൂപ ( 37588.68 (159465.16 - 121876.48 ) + 12% GST)

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 14 /8.3.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 42,099രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 റോഡുകളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ -കരാറുകാരന് അധികം അനുവദിച്ചത് 33519 രൂപ

പ്രൊജക്ട് നം : SO182/21

അടങ്കൽ : 2,00,000

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

ചെലവ് : 2,00,000

ബിൽ നമ്പർ - 48/25.3.21 - 200000

കരാർ നം : AE/LSGD/MRNY/44/19-20 തീയ്യതി.7.3.20 (Estimate Rate)

എംബുക്ക് നം: 166/20-21

DSOR : 2016 Coi.31.06%

കരാറുകാരൻ : കുഞ്ഞിമോൻ ഹാജി

TS No- 99434/19-20

Est.No-2020/2234

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ റോഡുകളിൽ സൈൻ ബോർഡ് സ്ഥാപിക്കൽ എന്ന ഈ പദ്ധതിയുടെ ഇനം 1 പ്രകാരം MS പൈപ്പ് ഉപയോഗിച്ച് ഫ്രെയിം ഉണ്ടാക്കി ഉള്ളിൽ GI Sheet ഉപയോഗിച്ച് സൈൻ ബോർഡ് സ്ഥാപിച്ചതിന് DAR Code 9.48.2 ഇനം പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട് (അളവ് പുസ്തകം പേജ് 9 ).

861.48 Kg X 147.38/kg = 126964.92

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും (Wooden Frame) മറ്റുമാണ് DAR Code 9.48.2 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് MS പൈപ്പ് ഉപയോഗിച്ചുള്ള ഫ്രെയിം വർക്ക് ആയതിനാൽ അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . Grating, Frames, Guard Bar, Railing, Gate എന്നീ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഇനം 1 ന് അനുവദിക്കാവുന്ന നിരക്ക് DAR Code 10.25.2 പ്രകാരമുള്ള 112.64/kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

861.48 Kg X 112.64/kg = 97037.10

കരാറുകാരന് അധികം അനുവദിച്ചത് = 29928 (126964.92 - 97037.10 ) + 12% GST

29928+12 % GST = 33519 രൂപ

അധികം നൽകിയ തുക 33519 രൂപ. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 11 /8.3.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 33519 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം-കരാറുകാരന് അധികം നൽകിയത് 16296 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിനോട് അനുബന്ധമായി സ്റ്റെയർ വെക്കുന്നതിന് DSR 9.48.1 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ GI പൈപ്പ് ഉപയോഗിച്ച കൊണ്ടുള്ള ലാന്റിംഗ്, റെയിലിംഗ് ഉൾപ്പെടെയുള്ള ഈ പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR 10.25.1 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. പ്രസ്തുത ഡാറ്റയിൽ നിന്ന് ഈ വസ്തുത വ്യക്തമാണ്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുവദിച്ച തുക<br>(DSR 9.48.1 പ്രകാരം) | അനുവദിക്കാവുന്ന തുക<br>(DSR 10.25.1 പ്രകാരം) | അധികം |
|---|---|---|---|
| വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം<br>(121,113,161,120,106 നമ്പർ അംഗനവാടികൾ )<br>പ്രോജക്റ്റ് നമ്പർ - SO094/21<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>സാങ്കേതികാനുമതി തുക - 400000<br>കരാറുകാരൻ - അബ്ദുൾ നാസർ.PP<br>അളവ് പുസ്തകം - 178/20-21<br>കരാർ - 48/AE/MNRY/20-21 തി. 28.10.20 (Estimate Rate)<br>മൂല്യനിർണ്ണയം - 400000<br>ബിൽ നമ്പർ - 59/31.3.21-400000<br>Coi DSR 2016 – 31.06%<br>Esti. No- 2020/112692<br>TS No- 67079/2020-21 | 285.74 Kg X 137.15/kg<br>= 39189.24<br>(എക്സ്ട്രാ ഇനം 2)<br>(121നമ്പർ അംഗൻവാടി ) | 285.74 Kg X 86.23/kg<br>= 24639.36 | 16296<br>(14549.88+12%GST) |

അധികം നൽകിയ തുക 14990രൂപ. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( AUDIT ENQUIRY No. 13 /8.3.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. പ്രവ്യത്തിയിൽ അധികം നൽകിയ 14990രൂപ പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 ശ്മശാനം നവീകരണം-അളവ് പുസ്തകപ്രകാരമുള്ള അളവ് ചെയ്തില്ല – കരാറുകാരന് അധികം നൽകിയത് 3690 രൂപ

പ്രോജക്റ്റ് നമ്പർ - SO150/21

ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

സാങ്കേതികാനുമതി തുക - 500000

കരാറുകാരൻ - ഉണ്ണികൃഷ്ണൻ .E

അളവ് പുസ്തകം - 94/19-20, 120/19-20

കരാർ - 42/AE/MRY/19-20 തി. 18.12.19 (Estimate Rate)

മൂല്യനിർണ്ണയം - 500000

ബിൽ നമ്പർ - 12/14.7.20- 323089

23/17.9.20- 176911

Esti. No- 2019/84293

TS No-42703/19-20

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവ്യത്തി 7.3.22 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഇനങ്ങൾ അളവ് പുസ്തക പ്രകാരമുള്ള അളവ് ചെയ്തിട്ടില്ലെന്ന ബോധ്യപ്പെട്ടു.

| ഇനം | അളവ് പുസ്തക പ്രകാരമുള്ള അളവ്/തുക | ചെയ്ത അളവ്/അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| സോളിഡ് ബ്ലോക്ക് മേസൻറി (DSR Code 50.6.1.4) | 5.852 M3 (5.852 M3x5116.15/m3= 29939.70) | 5.546 M3 (5.546 M3x5116.15/m3= 28374.16) | 1753 (1565.54+12% GST) |
| 12 Mm സിമെന്റ് പ്ലാസ്റ്ററിംഗ് (DSR Code 13.1.1) | 28.850 M2 (28.850 M2x226.67/m2=6539.42) | 21.22 M2 (21.22 M2x226.67/m2=4809.93) | 1937 (1729.49+12% GST) |
| | | ആകെ | 3690 |

അധികം നൽകിയ തുക 3690 രൂപ. അധികം നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /8.3.22 (2020-21) മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 3690 രൂപ പ്രവ്യത്തികളുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 കമലേട്ടത്തി സ്മാരക റോഡ് കോൺക്രീറ്റിംഗ് -അപാകത -അധികം നൽകിയത് 2946 രൂപ

പ്രോജക്റ്റ് നമ്പർ - SO057/21

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)

സാങ്കേതികാനുമതി തുക - 495000

കരാറുകാരൻ - കുഞ്ഞിമോൻ ഹാജി .KP

അളവ് പുസ്തകം - 72/20-21

കരാർ - 13/AE/MRY/20-21 തി. 25.8.20 (Estimate Rate)

മൂല്യനിർണ്ണയം - 495000

ബിൽ നമ്പർ - 22/22.12.20 - 495000

Esti. No- 2020/77015

TS No-30585/20-21

Coi -31.06% (DSR 2016)

നിർവ്വഹണം – അസിസ്റ്റൻറ് എഞ്ചിനീയർ

മേൽ പ്രവൃത്തിയുടെ ഇനം 2 പ്രകാരം ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് സിമെന്റ് കോൺക്രീറ്റിംഗ് (Mord Code 11.4.3.1) ചെയ്തതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

45.563 M3 X 7549.93 = 343997.46

